LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ഏജൻസികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (സ്റ്റാറ്റ്യൂട്ടറി അതോറിറ്റി)
2. ശുചിത്വ മിഷൻ (സംസ്ഥാന സർക്കാർ സ്ഥാപനം)
3. ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച്
4. കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്
5. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയൺമെന്റ്.

ഇതിനുപുറമേ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് അതോറിറ്റി എന്നീ സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളും നിലവിലുണ്ട്.

(സി) ക്ലീൻ കേരള കമ്പനി മുഖേന ലോഗ്രേഡ് ഉൾപ്പെടെ 187 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ 2-10-2014 മുതലുള്ള കാലയളവിൽ ശേഖരിച്ച് അംഗീകൃത ഏജൻസികൾ മുഖേന പുനഃചംക്രമണത്തിനു നൽകിയിട്ടുണ്ട്. പദ്ധതിയുടെ അടുത്ത ഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിൽ പ്ലാസ്റ്റിക് പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ശാസ്ത്രീയമായി റീ-സൈക്ലിംഗ് നടത്തുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുള്ളതും പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതുമാണ്. പ്ലാസ്റ്റിക് റീ-സൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടവും മറ്റു പശ്ചാത്തല സൗകര്യവും ലഭിക്കുന്നമുറയ്ക്ക് ഇതര സ്ഥലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

## പ്ലാസ്റ്റിക്കും പാരിസ്ഥിതിക പ്രശ്നങ്ങളും

302 (2131) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവാരമില്ലാത്ത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പ്രചരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതിക്കുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങളും പരിഹരിക്കുവാൻ പ്ലാസ്റ്റിക്ക് നിയന്ത്രിക്കുന്നതിനോ ഏതെങ്കിലും തരത്തിലുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിരോധിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അടക്കമുള്ള നിരവധി പ്ലാസ്റ്റിക് ഉത്പന്നങ്ങൾ രൂക്ഷമായ പ്രത്യാഘാതങ്ങളെ ക്ഷണിച്ചുവരുത്തുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്രയും വേഗം പ്ലാസ്റ്റിക് ഉത്പന്നങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ&ബി) 40 മൈക്രോണിൽതാഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ രാജ്യവ്യാപകമായി, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡ് ലിംഗ് റൂൾസ്, 2011 പ്രകാരം നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നത് കാരണം ഇവ മണ്ണിലടിഞ്ഞ് മണ്ണിലെ വായു, ജലം എന്നിവയുടെ സുഗമമായ സഞ്ചാരത്തിന് തടസ്സമാകുകയും ഇത് കൃഷിയെയും മറ്റും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യം ഓടകളിലൂടെയും മറ്റും ജലാശയങ്ങളിൽ എത്തിച്ചേരുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വേർതിരിച്ചുള്ള ശേഖരണം, ട്രാൻസ്പോർട്ടേഷൻ, നിർമ്മാർജ്ജനം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുന്നത് ചട്ടപ്രകാരം സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ ചുമതലയാണ്. സംസ്ഥാനത്ത് ബഹുഭൂരിപക്ഷം നഗരസഭകളുടേയും നേതൃത്വത്തിൽ പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യം ശേഖരിച്ച് പുനരുപയോഗം/പുനഃചംക്രമണത്തിനായി കൈമാറുന്ന നടപടി സ്വീകരിച്ചുവരുന്നു.

**കായികനയ പരിഷ്കരണം**

303 (2132) <u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികനയം പരിഷ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

**ഉത്തരം**

(എ) സംസ്ഥാന കായികനയ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 13-2-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 24/15/കാ.യു.വ. പ്രകാരം ചുവടെ പറയുന്നവരെ ഉൾപ്പെടുത്തി ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly